കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് - 2005-06 വർഷത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തുക അനുവദിച്ച വഴിക്കടവ് ടൌൺ ക്ഷീരോൽപാദക സഹകരണ സംഘത്തിനു കെട്ടിടനിർമ്മാണം - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).1887/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.06.2016**

======================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 18.06.2015 തീയതിയിലെ 8342/ഡിപി3/15/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2005-06 വർഷത്തിൽ നടപ്പിലാക്കിയ വഴിക്കടവ് ടൌൺ ക്ഷീരോൽപാദക സഹകരണ സംഘത്തിനു കെട്ടിടനിർമ്മാണം എന്ന പ്രവർത്തിയിൽ പാൽശേഖര മുറിക്കു പുറമേ മറ്റു സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു സമഗ്രകെട്ടിടമായി നിർമ്മിച്ചതിൽ നിയമാവലിയിൽ പറഞ്ഞ 75,000 രൂപയിൽ നിജപ്പെടുത്താതെ മൊത്തം പ്രവർത്തിക്ക് 2,00,000 (രണ്ട് ലക്ഷം രൂപ) വിനിയോഗിക്കേണ്ടി വന്നെന്നും ടി പ്രവർത്തിക്ക് 2006-07 വർഷത്തെ പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2 (എ) പ്രകാരം സർക്കാർ സാധൂകരണം വാങ്ങാൻ നിർദ്ദേശിക്കുകയും, ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 29.10.14-ലെ 6 (4) യോഗതീരുമാന പ്രകാരം സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചതായും ഗ്രാമവികസന കമ്മീഷണർ പരാമർശ കത്തിലൂടെ അറിയിച്ചിരുന്നു. ക്ഷീര സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ ഉദ്ദേശശുദ്ധി പരിഗണിച്ച് ഭാവിയിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ മാനദണ്ഡം കൃത്യമായും പാലിക്കേണ്ടതാണെന്ന താക്കീതോടെ ടി നടപടിക്കു സാധൂകരണം നൽകാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഭാവിയിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ സർക്കാർ മാനദണ്ഡം കൃത്യമായും പാലിക്കേണ്ടതാണെന്ന താക്കീതോടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന 75,000 രൂപയിൽ നിജപ്പെടുത്താതെ മൊത്തം പ്രവർത്തിക്ക് 2,00,000 (രണ്ട് ലക്ഷം രൂപ) വിനിയോഗിക്കേണ്ടി വന്ന വഴിക്കടവ് ടൌൺ ക്ഷീരോൽപാദക സഹകരണ സംഘത്തിനു കെട്ടിടനിർമ്മാണം എന്ന പ്രവർത്തിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ടി.ജെ. ഉണ്ണികൃഷ്ണൻ**
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, നിലമ്പൂർ
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ